വി. സി. 15495/18

കാർഷിക വികസന കർഷക ക്ഷേമ
വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി: 30/04/2019

# സർക്കുലർ

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് – പച്ചക്കറി വികസന പദ്ധതി 2019-20 – 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതി നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന: (1) സർക്കാർ ഉത്തരവ് നം. 251/2019/കൃഷി തീയതി 03/03/2019
(2) കൃഷി ഡയറക്ടറുടെ സർക്കുലർ നം. വി.സി. 13208/19 തീയതി 08/04/2019.

ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്ന് തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ച് **'ഓണത്തിന് ഒരു മുറം പച്ചക്കറി'** എന്ന പദ്ധതി ഈ വർഷവും നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുന്നു. ഇതിനായി കൃഷി വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയ്ക്കായി വിത്തുകളും, തൈകളും നൽകും.

വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി കർഷകർക്ക് 10 രൂപ വിലവരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ 60 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ നൽകേണ്ടതാണ്. കൂടാതെ സന്നദ്ധ സംഘടനകൾ മുഖേനെ 10 രൂപ വിലവരുന്ന 5 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും കർഷകർക്ക് വിതരണം ചെയ്യണം. ഇതിനു പുറമേ 160 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് വിതരണം ചെയ്യേണ്ടതാണ്.

കർഷകർ ആവശ്യപ്പെടുന്ന ഇനം ഗുണനിലവാരമുള്ള വിത്തുകളുടെ വിതരണം ഉറപ്പ് വരുത്തുക. എവിടെയൊക്കെ ഏതൊക്കെ ഇനം പച്ചക്കറി കൃഷി ചെയ്യുന്നു എന്നത് തിട്ടപ്പെടുത്തുക, പ്രതീക്ഷിക്കുന്ന ഉൽപ്പാദനവും, പൊതുവിപണിയിൽ വിറ്റഴിക്കുന്നതിന് ലഭിക്കുന്ന ഉൽപ്പന്നതിന്റെ അളവും കണക്കാക്കി വ്യക്തമായ ആസൂത്രണത്തോടെയാവണം പദ്ധതി നടപ്പിലാക്കേണ്ടത്. **ഇങ്ങനെ ആസൂത്രണം ചെയ്തതിന്റെ ഒരു കർമ്മ പദ്ധതി (Action Plan) ഈ ഓഫീസിലേയ്ക്ക് 06/05/2019-നു മുൻപ് അയച്ചു തരേണ്ടതാണ്.**

ഇതു കൂടാതെ പദ്ധതി വിജയകരമായ നടത്തിപ്പിനായി അതത് ജില്ലകളിലെ വിദ്യാഭ്യാസ വകുപ്പ് അധികൃതരുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ കൈക്കൊള്ളുക. ഓണത്തിന്

ഒരു മുറം പച്ചക്കറി പദ്ധതിയ്ക്കായുള്ള പ്രചരണ പ്രവർത്തനങ്ങൾ എഫ്.ഐ.ബി. യുമായി കൂടിയാലോചിച്ച് ഉടൻ തന്നെ ആരംഭിക്കേണ്ടതാണ്.

മേൽ പദ്ധതി സുതാര്യവും സമയബന്ധിതവുമായി നടപ്പാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. നിലവിലെ പച്ചക്കറി വികസന പദ്ധതിയിലെ 60 ലക്ഷം വിത്തു പായ്ക്കറ്റുകൾ കർഷകർക്കു വിതരണം ചെയ്യേണ്ടതാണ്.
2. സന്നദ്ധ സംഘടനകൾക്കുള്ള 5 ലക്ഷം വിത്തു പായ്ക്കറ്റുകൾ നിലവിലുള്ള രീതിയിൽ തന്നെ നൽകാവുന്നതാണ്.
3. മാധ്യമങ്ങൾ വഴിയുള്ള വിത്തു വിതരണം കൃഷി ഡയറക്ടറേറ്റിൽ നിന്നും ക്രമീകരിക്കുന്നതാണ്.
4. സ്കൂൾ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷാരംഭത്തോടുകൂടി തന്നെ പച്ചക്കറിവിത്തുകളും, പച്ചക്കറിത്തൈകളും വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കുക. സ്കൂൾ മേധാവിയുമായി ആലോചിച്ച് സ്കൂൾ അസംബ്ലിയിൽ പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ കുട്ടികൾക്ക് നൽകേണ്ടതാണ്.
5. പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ അതാത് ജില്ലയിലെ സീഡ് ഫാമുകളിൽ നിന്നും ലഭ്യമാകുന്ന പച്ചക്കറി തൈകളുടെയും, വിത്തുകളുടെയും കണക്ക് ശേഖരിച്ചതിന് ശേഷം ബാക്കിയുള്ളവയ്ക്ക് വി.എഫ്.പി.സി.കെ, അഗ്രോ സർവ്വീസ് സെന്റർ, മറ്റ് അംഗീകൃത ഏജൻസികൾ എന്നിവയ്ക്ക് ബ്ലോക്ക് തല ടാർജറ്റുകളുടെ ഇൻഡന്റ് 06/05/2019 നകം നൽകേണ്ടതാണ്.
6. കർഷകർക്ക് വിതരണം ചെയ്യുന്നതിന് മുമ്പായി പച്ചക്കറി തൈകളുടെയും വിത്തുകളുടെയും ഗുണനിലവാരം കൃഷി ഡെപ്യൂട്ടി ഡയറക്ടർ (NWDPRA) യുടെ നേതൃത്വത്തിൽ ഉറപ്പുവരുത്തേണ്ടതാണ്.
7. **പച്ചക്കറി തൈകൾ/വിത്തു പായ്ക്കറ്റുകൾ എന്നിവ ജൂൺ 5-നകം വിതരണം ചെയ്തു തീർക്കാനുള്ള ആക്ഷൻ പ്ലാൻ ജില്ലകളിൽ തയ്യാറാക്കി 10/05/2019-നകം അയച്ചു തരേണ്ടതാണ്.**
8. വാർഡുതലത്തിൽ പരിശീലനം ഉൾപ്പെടെയുള്ള കാമ്പയിനുകൾ നടത്തി പരിപാടിയ്ക്ക് പ്രചരണം നൽകി വിത്തു വിതരണം നിർവ്വഹിക്കേണ്ടതാണ്.

9. ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും വിത്ത് വിതരണത്തിന്റെ ഔപചാരികമായ ഉദ്ഘാടനം നടത്തേണ്ടതാണ്.

10. കർഷകർക്ക് വിതരണത്തിനുള്ള ലഘുലേഖകൾ ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കി നൽകുന്നതാണ്.

11. ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, കാർഷിക കർമസേന, അഗ്രോ-സർവ്വീസ് സെന്റർ, വി.എഫ്.പി.സി.കെ., കുടുംബശ്രീ തുടങ്ങിയ ഏജൻസികൾ എന്നിവരുടെ സംയുക്ത സഹകരണത്തോടെ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

12. കൃഷി വകുപ്പിലെ എല്ലാ ഫീൽഡ് സ്റ്റാഫ്, (ആത്മ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, പച്ചക്കറി വികസന പദ്ധതി) കുടുംബശ്രീകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ സജ്ജീവ പങ്കാളിത്തത്തോടെ പച്ചക്കറി വിത്ത് വിതരണവും തുടർ നടപടികളും നിരീക്ഷിക്കേണ്ടതാണ്.

13. ഓരോ പഞ്ചായത്തിലും വാർഡു തല ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വിപുലമായ യോഗങ്ങൾ വിളിച്ച് ചേർത്ത് പദ്ധതിയുടെ പ്രചരണം വിത്ത് വിതരണ പരിപാടികൾ, വിത്ത് നടീൽ പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കേണ്ടതാണ്.

14. വിത്ത്, നടീൽ, പരിചരണം എന്നിവ ഉറപ്പാക്കാൻ വാർഡുമെമ്പർ ചെയർമാനായും, കൃഷി അസിസ്റ്റന്റ് കൺവീനറായും ബന്ധപ്പെട്ട വികസന സമിതി അംഗങ്ങൾ, കുടുംബശ്രീ (എഡിഎസ്), വർഡിലെ പച്ചക്കറി ക്ലസ്റ്റർ കൺവീനർ, പരിചയ സമ്പത്തുള്ള പച്ചക്കറി കർഷകർ എന്നിവരടങ്ങിയ വാർഡ് തല നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

15. സാങ്കേതീക സഹായങ്ങൾ ഉറപ്പാക്കാൻ കിസാൻ കോൾ സെന്ററിലെ സേവനം ലഭ്യമാക്കണം. (ടോൾ ഫ്രീ നമ്പർ: 1800-180-1551)

16. രോഗകീടങ്ങൾ സംബന്ധിച്ച് കർഷകന് സഹായം നിലവിലുള്ള ക്രോപ്പ് ഹെൽത്ത് ക്ലിനിക്കുകൾ വഴി ഉറപ്പാക്കേണ്ടതാണ്.

17. കേരള കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാൻ കേന്ദ്രം ഉൾപ്പെടയുള്ള ജില്ലാതല മൾട്ടി ഡിസിപ്ലിനറി ടീമിന്റെ (എം.ഡി.റ്റി) സേവനം ആവശ്യമുള്ളടുത്ത് ലഭ്യമാക്കേണ്ടതാണ്.

18. പദ്ധതി സംബന്ധിച്ച് കർഷകരുടെ പരാതികൾ പരിഹരിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം. ഇതിന്റെ ഉത്തരവാദിത്തം കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റ് (ഹെഡ്ക്വോട്ടേഴ്സ്) നായിരിക്കും.

19. കർഷകർക്ക് ബന്ധപ്പെടുന്നതിനായി ഫോൺ നമ്പറുകൾ നൽകുകയും പരാതികൾ സമയ ബന്ധിതമായി പരിഹരിക്കുകയും ചെയ്യണം.

20. വിത്ത്, തൈകൾ എന്നിവ വിതരണം ചെയ്തതിന്റെ വിവരങ്ങൾ കൃഷി ഭവനിൽ സൂക്ഷിക്കേണ്ടതാണ്.

പദ്ധതിയുടെ പ്രചരണ പരിപാടികളുടെ ചുമതല ഫാം ഇൻഫർമേഷൻ ബ്യൂറോയ്ക്ക് ആയിരിക്കും. പദ്ധതി നിർവ്വഹണത്തിന്റെ ഉത്തരവാദിത്വം അതത് ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് ആയിരിക്കും. ബന്ധപ്പെട്ട കൃഷി ഡപ്യൂട്ടി ഡയറക്ടർ (NWDPRA) പദ്ധതി നടത്തിപ്പിന് നേതൃത്വം നൽകും.

**കർഷകർ, സ്കൂളുകൾ, എൻ.ജി.ഒ. എന്നിവർക്ക് പച്ചക്കറി വിത്തുകളുടേയും തൈകളുടേയും ബ്ലോക്കുതല ടാർജറ്റുകൾ നിശ്ചയിച്ച് അനക്സർ - II പ്രകാരമുള്ള പ്രൊഫോർമ്മയിൽ 06/05/2019-നു മുൻപായിത്തന്നെ പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ജില്ലാതല ടാർജറ്റുകൾ അനക്സർ - I ൽ ഉള്ളടക്കം ചെയ്യുന്നു.**

ഒപ്പ്
കൃഷി ഡയറക്ടർ

To

1. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
2. പി.ഡി. ആത്മ
3. കൃഷി ഡെപ്യൂട്ടി ഡയറക്ടർമാർ (NWDPRA)
4. കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ

Senior Agricultural Officer(vc)
Directorate of AD & FWD
Vikas Bhavan Tvpm-33

കോപ്പി ടു:-

1. സി.എ.-യുടെ പക്കൽ കൃഷി ഡയറക്ടർക്ക്
2. എല്ലാ അഡീഷണൽ ഡയറക്ടർമാരുടെയും സി.എ.
3. കൃഷി ജോയിന്റ് ഡയറക്ടർ (വിസി) യുടെ സി.എ.
4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വി.എഫ്.പി.സി.കെ
5. പ്ലാനിംഗ് സെക്ഷൻ
6. പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, എഫ്.ഐ.ബി. (അടിയന്തിര നടപടികൾക്കായി)
7. ഐ.റ്റി. സെൽ, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8. കരുതൽ ഫയൽ

S

അനുബന്ധം - I

# സമഗ്ര പച്ചക്കറി വികസന പദ്ധതി 2019-20

## ഓണത്തിനു ഒരു മുറം പച്ചക്കറി - ഭൗതിക ലക്ഷ്യം (ലക്ഷത്തിൽ)

| ക്രമ നം. | ജില്ല | പച്ചക്കറി വിത്ത് വിതരണം ഭൗതിക ലക്ഷ്യം | | പച്ചക്കറി തൈകളുടെ വിതരണം - ഭൗതിക ലക്ഷ്യം |
|---|---|---|---|---|
| | | വീട്ടുവളപ്പിൽ/സ്കൂൾ കുട്ടികൾക്ക് | എൻ.ജി.ഒ.-കൾക്ക് | |
| 1 | തിരുവനന്തപുരം | 4.5 | 0.735 | 14 |
| 2 | കൊല്ലം | 4.5 | 0.45 | 10 |
| 3 | പത്തനംതിട്ട | 4.2 | 0.4 | 7 |
| 4 | ആലപ്പുഴ | 4.5 | 0.4 | 13 |
| 5 | കോട്ടയം | 4.5 | 0.3 | 10 |
| 6 | ഇടുക്കി | 4.5 | 0.35 | 10 |
| 7 | എറണാകുളം | 4.5 | 0.31 | 10 |
| 8 | തൃശ്ശൂർ | 5.25 | 0.6285 | 17 |
| 9 | പാലക്കാട് | 4.5 | 0.28 | 14 |
| 10 | മലപ്പുറം | 4.5 | 0.28 | 14 |
| 11 | കോഴിക്കോട് | 6 | 0.3065 | 4 |
| 12 | വയനാട് | 2.1 | 0.1 | 20 |
| 13 | കണ്ണൂർ | 4.2 | 0.36 | 10 |
| 14 | കാസർഗോഡ് | 2.25 | 0.1 | 7 |
| **ആകെ** | | **60** | **5** | **160** |

Annexure – 2

Vegetable Development Programme 2019-20

Details of Seedkits and Seedlings arranged for Onathinu Oru Muram Pachakkari

Name of District:

| Sl. No | Name of Block | Seedkit Distribution | | | | | | | | | Total (no.) | Vegetable Seedlings | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Homestead through School Students | | | Homestead through farmers | | | District Cluster – Through NGO's | | | | | | |
| | | Dept. Farms (no.) | VFPCK (no.) | KAU/ Other agencies(no.) | Dept. Farms (no.) | VFPCK (no.) | KAU/ Other agencies (no.) | Dept. Farms (no.) | VFPCK (no.) | KAU/ Other agencies (no.) | | Dept. Farms (no.) | VFPCK (no.) | KAU/ Other agencies (no.) |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |